നം. എൻ.എം.ബി1/77000/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി : 05/09/2018

# സർക്കുലർ

വിഷയം: പൊ.വി. - സ്കൂൾ ഉച്ചഭക്ഷണ പദ്ധതി - പ്രവൃത്തി ദിനമാക്കിയ ശനിയാഴ്ച ദിവസങ്ങളിൽ ഉച്ചഭക്ഷണം നൽകുന്നത് - സംബന്ധിച്ച്.

സൂചന: പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 04/09/2018 ലെ നിർദ്ദേശം

*********************************************

മേൽ സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പ്രവൃത്തി ദിവസങ്ങൾ നഷ്ടപ്പെട്ടതിനു പകരമായി സർക്കാർ നിർദ്ദേശപ്രകാരം പ്രവൃത്തി ദിനമാക്കിയിട്ടുള്ള ശനിയാഴ്ചകളിൽ ഉച്ചഭക്ഷണം നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ ചില സ്കൂളുകളിൽ ഈ നിർദ്ദേശം പാലിക്കുന്നില്ലെന്ന് പരാതികൾ ലഭിച്ചിരിക്കുന്നു.

സർക്കാർ നിർദ്ദേശ പ്രകാരം പ്രവൃത്തി ദിനമാക്കിയിട്ടുള്ള ശനിയാഴ്ച ദിവസങ്ങളിൽ സ്കൂളുകളിൽ പതിവുപോലെ ഉച്ചഭക്ഷണം നൽകേണ്ടതാണെന്ന നിർദ്ദേശം എല്ലാ പ്രഥമാദ്ധ്യാപകർക്കും ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാരും, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരും നൽകേണ്ടതാണെന്ന് അറിയിക്കുന്നു.

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

പകർപ്പ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.